ശങ്ങൾ നൽകാൻ കഴിയാത്തതും, ഉന്നത നിലവാരം പുലർത്തുന്ന കോച്ചിംഗ് സെൻററുകൾ ഇല്ലാത്തതുമാണ് പ്രധാനമായും കേരളത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷകളിൽ ഉന്നത വിജയം നേടാൻ കഴിയാത്തതിന് കാരണം.

(ബി) കേരളത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷകളിൽ ഉന്നത വിജയവും, മുന്തിയ പ്രാതിനിധ്യവും ലഭ്യമാക്കുന്നത് ലക്ഷ്യം വെച്ച് ദേശീയ നിലവാരത്തിൽ കേരളാ സ്റേറററ് സിവിൽ സർവ്വീസ് അക്കാഡമിക്ക് രൂപം നൽകി കഴിഞ്ഞു. സെൻറർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത അക്കാഡമി പ്രവർത്തിക്കുന്നത്. ഇപ്പോൾ 64 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. മികച്ച ലൈബ്രറി, ഇൻറർനെറ് സൗകര്യം തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ വ്യക്തിത്വ വികസനത്തിനു വേണ്ടിയുള്ള ഡിബേറ്റ്, ഗ്രൂപ്പ് ഡിസ്ക്കഷൻ, സെമിനാർ മുതലായവയും കോഴ്സിൻെറ ഭാഗമായി നടത്തുന്നുണ്ട്. വീഡിയോ കോൺഫറൻസിങ്ങ് പോലുള്ള സൗകര്യങ്ങൾ ഉടനെ എർപ്പെടുത്തുന്നതാണ്. മികവുറ്റ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

പുഷ്പഗിരി ഇൻസ്റിറിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് റിസർച്ച് സെൻററിനെ ഡീംഡ് യൂണിവേഴ്സിറ്റി പദവി

54 [1576] ശ്രീ. കെ. എ. ചന്ദ്രൻ:
,, ജി. പ്രതാപവർമ്മതമ്പാൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഷ്പഗിരി ഇൻസ്റിറിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് റിസർച്ച് സെൻററിനെ ഡീംഡ് യൂണിവേഴ്സിറ്റിയായി അംഗീകരിക്കുന്നത് സംബന്ധിച്ച് യു. ജി. സി. സർക്കാരിൻെറ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള കത്ത് എപ്പോൾ ലഭിച്ചു;

(സി) ഇക്കാര്യത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഭിപ്രായമെന്തായിരുന്നു;

(ഡി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28-4-2005-ൽ ലഭിച്ചു.

(സി) മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

(ഡി) ഇക്കാര്യം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻെറ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly